# ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം

ഇ–മെയിൽ:: dmhperoorkada@gmail.com

ഫോൺ നം. (0471) 2432071

==================================================

നം. ജി3 - 1848/2026/ജി.മാ.ആ.പേ തീയതി :: 07/03/2026

## ദർഘാസ് പരസ്യം.

തിരുവനന്തപുരം ജില്ലാ മാതൃക ആശുപത്രിയിൽ 01.06.2026 മുതൽ 31.03.2027 വരെയുള്ള കാലയളവിലേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിന് താല്പര്യമുള്ള വ്യക്തികൾ/ ഏജൻസികൾ/കുടുംബശ്രീ യൂണിറ്റുകൾ എന്നിവരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

- ടെൻഡർ ഫാറത്തിന്റെ വില : **Rs. 1000/- + Rs.180 /- ( 18% G.S.T).**
- ടെൻഡർ ഫാറം വിതരണം ചെയ്യുന്ന അവസാന തിയതി : **19/04/2026, 03 : 00** മണി.
- ടെൻഡർ ഫാറം സ്വീകരിക്കുന്ന അവസാന തിയതി : **20/04/2026, 03 : 00** മണി.
- ടെൻഡർ ഫാറം തുറക്കുന്ന തിയതി : **21/04/2026, 11 : 30** മണി.
- അടങ്കൽ തുക : **Rs. 480000/-**

### വ്യവസ്ഥകൾ

1. ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ടെൻഡർ തുറന്ന് പരിശോധിക്കുന്നതായിരിക്കും.
2. ടെൻഡർ ഫാറം പൂർണമായും വ്യക്തമായും പൂരിപ്പിക്കേണ്ടതും,ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപൂർണമായ ടെൻഡറുകൾ നടപടികൾക്കായി പരിഗണിക്കുന്നതല്ല.
3. ടെൻഡർ ഫാറത്തിന് അടയ്ക്കുന്ന തുക തിരികെ നൽകുന്നതല്ല.
4. ടെൻഡർ ഫാറത്തിന്റെ കവറിനു പുറത്ത് " **തിരുവനന്തപുരം ജില്ലാ മാതൃക ആശുപത്രിയിലെ ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ടെൻഡർ** " എന്ന് എഴുതിയിരിക്കണം.
5. ക്യാന്റീൻ നടത്തുന്നതിനാവശ്യമായ ഫർണിച്ചറുകളും മറ്റ് സാധനങ്ങളും കരാറുകാരനിൽ നിക്ഷിപ്തമാണ്.
6. പ്രതിമാസം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിലേയ്ക്ക് വാടക ഇനത്തിൽ അടക്കുവാൻ ഉദ്ദേശിക്കുന്ന തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. Rs. 5000 /- (അയ്യായിരം രൂപ മാത്രം. )നിരതദ്രവ്യമായി ആശുപത്രി സുപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം സിറ്റിയിലെ ഏതെങ്കിലും ദേശ സാൽക്കൃത ബാങ്കിൽ നിന്നും മാറാവുന്ന ഡി.ഡി. ആയി സമർപ്പിക്കേണ്ടതാണ് അല്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.
7. ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം പാലിക്കേണ്ട എല്ലാ നിബന്ധനകളും ക്യാന്റീൻ നടത്തിപ്പിൽ പാലിക്കേണ്ടതാണ്.
8. ഭക്ഷ്യ സുരക്ഷാ അധികൃതരിൽ നിന്നുള്ള ലൈസെൻസ്/രജിസ്ട്രേഷൻ, ക്യാന്റീൻ നടത്തിയ പരിചയ സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ ഹെൽത്ത് ഐ.ഡി. എന്നിവയുടെ പകർപ്പ് ടെൻഡറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

9. ക്യാന്റീൻ നടത്തുന്നതിനുള്ള കോർപറേഷൻ ലൈസെൻസ് കരാറുകാരൻ വാങ്ങേണ്ടതും സ്ഥാപന മേലധികാരിയ്ക്ക് അതിന്റെ പകർപ്പ് 2 മാസത്തിനകം നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കുന്നതാണ്.

10. ക്യാന്റീനിൽ വിൽക്കാനുദ്ദേശിക്കുന്ന ഉൽപ്പന്നങ്ങളുടെയും ആഹാരസാധനകളുടെയും വിലവിവര പട്ടിക ടെൻഡറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. മുൻകൂട്ടി നിശ്ചയിക്കാതെയും അധികൃതരുടെ അനുമതി ഇല്ലാതെയും കരാർ കാലാവധിയ്ക്കുള്ളിൽ ഭക്ഷണ സാധനങ്ങളുടെ വില വർധിപ്പിക്കാൻ പാടുള്ളതല്ല.

11. ആശുപത്രി ജീവനക്കാർക്കും ( ഡോക്ടർമാർക്കും സ്റ്റാഫിനും പ്രത്യേകം ) പൊതുജനങ്ങൾക്കും പ്രത്യേകം സ്ഥലം ക്രമീകരിക്കേണ്ടതും ജീവനക്കാർക്ക് പ്രത്യേക നിരക്കിൽ ആഹാരസാധനങ്ങൾ നൽകേണ്ടതും ആയത് ദർഘാസിലെ വിലവിവര പട്ടികയിൽ സൂചിപ്പിക്കേണ്ടതുമാണ്.

12. ക്യാന്റീനിൽ സർക്കാർ നിരോധിച്ചിട്ടുള്ളതോ വിലവിവര പട്ടികയിൽ ഉൾപ്പെടാത്തതോ ആയ സാധനങ്ങൾ വിൽക്കാൻ പാടുള്ളതല്ല.

13. ക്യാന്റീൻ സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ രണ്ട് മാസത്തെ വാടക മുൻകൂറായി ആശുപത്രി കൗണ്ടറിൽ ഒടുക്കേണ്ടതും പ്രതിമാസം അടയ്ക്കേണ്ടതായ തുക അതാത് മാസം അഞ്ചാമത്തെ പ്രവർത്തി ദിവസം ആശുപത്രി കൗണ്ടറിൽ അടച്ചു രസീത് കൈപ്പറ്റേണ്ടതാണ്.

14. ക്യാന്റീൻ പ്രവർത്തനത്തിന് ആവശ്യമായ വെള്ളം, വൈദ്യുതി എന്നിവയുടെ കരം ക്യാന്റീൻ കെട്ടിടത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നികുതി എന്നിവ നടത്തിപ്പുകാരൻ അടയ്ക്കേണ്ടതും. ഖര ദ്രവ്യ മാലിന്യങ്ങൾ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

15. ക്യാന്റീൻ കാലാവധി കഴിയുന്ന മുറയ്ക്ക് വാടക, വൈദ്യുതി, വെള്ളം മറ്റേതെങ്കിലും ഇനത്തിലുള്ള നികുതി കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് രേഖാമൂലം അറിയിക്കേണ്ടതും. കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും അത് കുറവ് വരുത്തി ബാക്കി തുക ചെക്കായി നൽകുന്നതാണ്.

16. ആശുപത്രി അധികാരികൾ നൽകുന്ന നിർദേശങ്ങൾക്ക് വിരുദ്ധമായി വൃത്തിഹീനമായ സാഹചര്യത്തിൽ ക്യാന്റീൻ പ്രവർത്തിപ്പിച്ചാൽ യാതൊരു വിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ക്യാന്റീനും അതിന്റെ ചുറ്റുപാടുകളുടെ ശുചീകരണം എന്നിവയുടെ മേൽനോട്ടം ഈ സ്ഥാപനത്തിലെ ഹെൽത്ത് സൂപ്പർവൈസർ/ ഹൗസ് കീപ്പിംഗ് ടീമിന്റെ നിയന്ത്രണത്തിലായിരിക്കും. ഭക്ഷണ സാധനങ്ങൾ ശുചിത്വത്തോടുകൂടി തയ്യാറാക്കേണ്ടതും നിശ്ചിത അളവിലും ഗുണനിലവാരത്തിലും ടെണ്ടറിൽ പറയുന്ന നിരക്കിലും നൽകേണ്ടതാണ്.

18. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന കരാറുകാരൻ ആശുപത്രി സൂപ്രണ്ടിന്റെയും ആശുപതി മാനേജ്മെന്റ് കമ്മിറ്റിയുടെയും നിബന്ധനകൾ പാലിച്ചു കൊള്ളാമെന്നും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയില്ലയെന്നും കാലാവധി കഴിയുമ്പോൾ യാതൊരു തർക്കവാദങ്ങളോ തടസ്സങ്ങളോ ഉന്നയിക്കാതെ ഒഴിഞ്ഞു പോകാമെന്നും ആശുപത്രി കെട്ടിടങ്ങൾക്കോ മറ്റു സാധങ്ങൾക്കോ യാതൊരു വിധ കേടുപാടുകളും

ഉണ്ടാകാതെ സൂക്ഷിച്ചുകൊള്ളാമെന്നും 500 /- രൂപ (അഞ്ഞൂറ് രൂപ മാത്രം.) മുദ്രപത്രത്തിൽ രണ്ട് സാക്ഷികളുടെ ഒപ്പും വിലാസവും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും സഹിതം സൂപ്രണ്ടിന് നൽകേണ്ടതാണ്.

19. ടെൻഡർ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണവശാൽ അവധിയായി വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മേൽപ്പറഞ്ഞ രീതിയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ടെൻഡർ നടപടികൾ നടത്തുന്നതായിരിക്കും.
20. ടെൻഡർ നടപടികൾ മാറ്റി വയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ആശുപത്രി സുപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
21. ടെൻഡറിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ പ്രവർത്തിദിവസങ്ങളിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.
22. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും ടി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ടെൻഡർ ഫാറത്തിനൊപ്പം ഹാജരാക്കേണ്ടതുമാണ്.
23. ജി.എസ്.ടി. ഉൾപ്പടെ ഉള്ള നിരക്കുകളിലായിരിക്കണം ടെൻഡർ സമർപ്പിക്കേണ്ടത്.

DISTRICT MODEL HOSPITAL PEROORKADA, THIRUVANANTHAPURAM PIN-695 005.

ഡോ. സരിത കുമാരി. എൽ. ടി.
സൂപ്രണ്ട്

പകർപ്പ്,

1. ഐ & പി. ആർ. ഡി, ഗവണ്മെന്റ് സെക്രട്ടേറിയേറ്റ്.
2. നോട്ടീസ് ബോർഡ് ആരോഗ്യവകുപ്പ് ഡയറെക്ടറേറ്റ്.
3. നോട്ടീസ് ബോർഡ് ജില്ലാ മെഡിക്കൽ ഓഫീസ് ( ആരോഗ്യം).
4. ആരോഗ്യവകുപ്പ് ഡയറെക്ടറേറ്റ് - വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്.
5. നോട്ടീസ് ബോർഡ് ജില്ലാ പഞ്ചായത്ത് കാര്യാലയം, തിരുവനന്തപുരം .
6. നോട്ടീസ് ബോർഡ് മാനസിക ആരോഗ്യ കേന്ദ്രം, തിരുവനന്തപുരം .
7. നോട്ടീസ് ബോർഡ് ജനറൽ ആശുപത്രി തിരുവനന്തപുരം.
8. നോട്ടീസ് ബോർഡ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്.
9. ആരോഗ്യകേരളം - വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന് .
10. ഫയൽ / സ്റ്റോക്ക് ഫയൽ.